**പോലീസ്** **വകുപ്പ്**

**കേരളം**


**No. G2-5364/2023/SOG**

സ്പെഷ്യൽ ഓപറേഷൻ ഗ്രൂപ്പ്,

മലപ്പുറം

spkats.pol@kerala.gov.in

04832960251


തീയതി. 08-02-2024

**ലേല പരസ്യം :**

മലപ്പുറം ജില്ലയിലെ അരീക്കോട് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് ക്യാമ്പിൽ കടപുഴകി വീണ പൂമരം ബന്ധപെട്ട അധികാരികൾ അനുവാദം നൽകിയതിൻറെ അടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിനായി, **20/02/2024 തിയ്യതി പകൽ 11 മണിക്ക്** SOG ക്യാമ്പിൽ വച്ച് പരസ്യമായി ലേലം നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിന് മുൻപ് അസ്സിസ്റ്റൻറ് കമാണ്ടൻറ് (ക്യൂ എം) എസ് ഒ ജി മുൻപാകെ നിരതദ്രവ്യം 100/- രൂപ അടവാക്കി ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ അസ്സിസ്റ്റൻറ് കമാണ്ടൻറ് (ക്യൂ എം) - ൻറെ അനുമതിയോടുകൂടി പ്രവൃത്തി ദിവസങ്ങളിൽ വൈകീട്ട് 3 മുതൽ 5 മണി വരെയുള്ള സമയത്ത് ടി മരം പരിശോധിക്കാവുന്നതാണ്. പരിശോധനക്ക് വരുന്നവരും, ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

പ്രസ്തുത ലേലത്തിൽ ടെണ്ടറുകൾ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ "സുപ്രണ്ട് ഓഫ് പോലീസ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, അരീക്കോട്" എന്ന പേരിൽ മാറാവുന്ന 100/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം നിശ്ചിത സമയത്തിന് മുൻപ് സൂപ്രണ്ട് ഓഫ് പോലീസ്, എസ് ഒ ജി. അരീക്കോട്, പിൻ-673639 എന്ന വിലാസത്തിൽ 20/02/2024 തിയ്യതിക്ക് മുൻപ് ലഭിക്കത്തക്ക വിധം തപാലിൽ അയക്കേണ്ടതാണ്.

20/02/2024 രാവിലെ 11 മണിക്ക് ലേലം ആരംഭിക്കുന്നതും, പരസ്യ ലേലം അവസാനിച്ചാലുടൻ തന്നെ ലഭ്യമായ ദർഘാസുകൾ തുറക്കുന്നതുമാണ് പരസ്യ ലേലത്തിലോ, ദർഘാസുകളിലോ ഏതിലാണോ കൂടുതൽ എന്നതിനനുസരിച്ച് ലേലം ഉറപ്പിക്കുന്നതും, ലേലം ഉറപ്പിച്ച വ്യക്തി ടി തുകയും (നിരതദ്രവ്യം കഴിച്ച്) നിശ്ചിത നിരക്കിലുള്ള ചരക്കു സേവന നികുതിയും (GST - 18%, വിറകിനു GST ബാധകമല്ല ) വന വികസന നികുതിയും (FDT- 5% ) ഉൾപ്പെടെ അപ്പോൾ തന്നെ ഒടുക്കി രസീത് വാങ്ങേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലേലം ഉറപ്പിക്കാനുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ മേൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ടി സ്ഥലത്ത് നിന്നും പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.

ലേലം ഉറപ്പിച്ച വ്യക്തി മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം, നിരതദ്രവ്യമുൾപ്പെടെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ, ആയത് ആദ്യം ലേലം ഉറപ്പിച്ച വ്യക്തിയിൽ നിന്നും ഈടാക്കുകയും, മറിച്ചു ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ടി വ്യക്തിക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. യാതൊരു വിധ കാരണങ്ങളും കൂടാതെ ടി ലേലം /ലേല നടപടികൾ മാറ്റിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം സുപ്രണ്ട് ഓഫ് പോലീസ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് -ൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ ഉത്തരവുകളും ടി ലേലത്തിലും ബാധകമായിരിക്കും.

തപോഷ് ബസുമതാരി ഐ പി എസ്
സൂപ്രണ്ട് ഓഫ് പോലീസ്

| | | |
|---|---|---|
| സ്വീകർത്താവ് | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, എല്ലാ കമാൻഡൻറ്മാർക്കും - തൃശ്ശൂർ, കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർമാർക്കും - അറിവിലേക്കായി . അരീക്കോട്, കാവനൂർ , ഊർങ്ങാട്ടിരി , എടവണ്ണ , കീഴുപറമ്പ് പഞ്ചായത്ത് സെക്രട്ടറിമാരുടെ അറിവിലേക്കും , മലപ്പുറം , മഞ്ചേരി നഗരസഭാ സെക്രട്ടറിമാരുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി. |
| പകർപ്പ് | : | ജില്ലാ ഇൻഫോർമേഷൻ ഓഫീസർ , മലപ്പുറം - പത്ര പരസ്യം നൽകുന്നതിനായി ( ഉപരി പത്രം സഹിതം) ഡെപ്യൂട്ടി കമാണ്ടന്റ് (അഡ്മിൻ),എസ്ഒ ജി - അറിവിലേക്കായി . അസി. കമാണ്ടന്റ് ( ക്യൂ എം ) എസ് ഒ ജി - അറിവിലേക്കും വിപുലമായ പരസ്യത്തിനും വേണ്ടി. ഇൻസ്പെക്ടർ ഓഫ് പോലീസ് ( വെബ് അഡ്മിൻ) , അറിവിലേക്കും അനന്തര നടപടികൾക്കുമായി |

Internal Administrative Processing System
iAPS
KERALA POLICE